## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 861 — 12.12.2012ൽ മറുപടിയ്ക്ക്

## ഇറിഗേഷൻ വക ഭൂമിയിൽ കൊയിലാണ്ടി സബ് ട്രഷറിയുടെ നിർമ്മാണം

ചോദ്യം : ശ്രീ. കെ. ദാസൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കൊയിലാണ്ടി സബ് ട്രഷറിയ്ക്ക് കെട്ടിടം പണിയുന്നതിന് ഇറിഗേഷൻ വക ഭൂമി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ; | (എ) ജലവിഭവ വകുപ്പ് ഏറ്റെടുത്ത് ഇപ്പോൾ ഉപയോഗിക്കാത്ത ഭൂമി നിലനിർത്തുന്നതും കൈമാറ്റം ചെയ്യുന്നതും സംബന്ധിച്ച പൊതുനയരൂപീകരണത്തിനു വേണ്ട വിവരങ്ങൾ ശേഖരിക്കുന്ന നടപടികൾ നടന്നു വരികയാണ്. പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി സബ്ട്രഷറി നിർമ്മാണത്തിനുവേണ്ടി സ്ഥലം നൽകുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഇക്കാര്യത്തിൽ നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ബി) ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

നമ്പർ: E4-467/2011

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചന വകുപ്പ്, പ്രോജക്ട്-1,
വെസ്റ്റ്ഹിൽ, കോഴിക്കോട് 673005.
തീയതി 21/02/2011.

WATER RESOURCES DEPT. GOVT. SECRETARIAT, TVPM.
5282
28 FEB 2011

ചീഫ് എഞ്ചിനീയർ

സെക്രട്ടറി ടു ഗവണ്മെന്റ്,
ജലവിഭവ (ഐ. ആർ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം - 695 001.

സർ,

വിഷയം :- കൊയിലാണ്ടി സബ് ട്രഷറി പുതിയ കെട്ടിടം പണിയുവാൻ ഇറിഗേഷൻ വക സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് -

സൂചന :- 1. 29 -1-2011 ലെ കോഴിക്കോട് ജില്ലാ ട്രഷറി ഓഫീസറുടെ കത്ത്
2. ഗവ. കത്ത് നം. 21276/ഐ. ആർ/10/ജല.വി.

----------

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊയിലാണ്ടി താലൂക്കിൽ പന്തലായിനി ദേശത്ത് റി.സ. 39/1 ബി യിൽപ്പെട്ട കുറ്റ്യാടി ജലസേചന പദ്ധതിയുടെ കൊയിലാണ്ടി സ്റ്റാഫ് കോളനിയിൽപ്പെട്ടതുമായ 15 ½ സെന്റ് സ്ഥലവും അതിൽ ഉൾക്കൊള്ളുന്ന ഒരു പഴയ ക്വാർട്ടേഴ്സ് കെട്ടിടവും കൊയിലാണ്ടി സബ് ട്രഷറി ഓഫീസിന് വേണ്ടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത സ്ഥലം റവന്യൂ വകുപ്പുമായി സംയുക്ത പരിശോധന നടത്തിയതായും സബ്ട്രഷറിക്ക് വിട്ടുകൊടുക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിഗണിക്കാവുന്നതാണെന്നും പ്രോജക്ട് സർക്കിൾ കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ സ്ഥലം മറ്റു ഇതര വകുപ്പുകൾക്ക് കൈമാറ്റം നടത്തുമ്പോൾ ഭൂമിയുടെ മാർക്കറ്റ് വില ഈടാക്കി കൈമാറ്റം ചെയ്യാവുന്നതാണെന്നുണ്ട്.

അതിനാൽ കൊയിലാണ്ടി താലൂക്കിൽ പന്തലായിനി ദേശത്ത് റി.സ. 39/1 ബി യിൽപ്പെട്ട കുറ്റ്യാടി പ്രോജക്ടിന്റെ ഉടമസ്ഥതയിലുള്ളതും കൊയിലാണ്ടി സ്റ്റാഫ് കോളനിയിൽപ്പെട്ടതുമായ 15 ½ സെന്റ് സ്ഥലം ( അതിൽ പെട്ടതുമായ പഴയ ക്വാർട്ടേഴ്സ് കെട്ടിടവും) സർക്കാർ നിശ്ചയിക്കുന്ന വില ഈടാക്കി കൊയിലാണ്ടി സബ് ട്രഷറി ഓഫീസിന് കൈമാറ്റം നടത്തുന്നതിനാവശ്യമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. നിർദ്ദിഷ്ട സ്ഥലത്തിന്റെ സൈറ്റ് പ്ലാൻ ഇതിനോടൊപ്പം സമർപ്പിക്കുന്നു.

ഉള്ളടക്കം - സൈറ്റ് പ്ലാൻ

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പകർപ്പ് : ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.